## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3673 — 20.06.2018 — ൽ മറുപടിക്ക്

## ഇടപ്പള്ളി മാർക്കറ്റിനുള്ളിൽ പ്രവർത്തിക്കുന്ന റേഷൻ കട

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.ടി. തോമസ് : | | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി മാർക്കറ്റിനുള്ളിൽ എ.ആർ.ഡി 89-ാം നമ്പർ റേഷൻ കട പ്രവർത്തിക്കുന്നത് വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. എറണാകുളം സിറ്റി റേഷനിംഗ് ഓഫീസറുടെ അധികാര പരിധിയിൽപ്പെട്ട എ.ആർ.ഡി. 89 ഇടപ്പള്ളി മാർക്കറ്റിൽ ഇറച്ചിക്കടകളോട് ചേർന്ന് പ്രവർത്തിച്ചു വരുന്നതിനാൽ കാർഡ് ഉടമകൾക്ക് റേഷൻ വാങ്ങുവാൻ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്ന് ബഹു. എം.എൽ.എ. ശ്രീ. പി.റ്റി. തോമസ് പരാതിപ്പെട്ടതിനെതുടർന്ന് 06.04.18-ൽ പ്രസ്തുത കട അടിയന്തിരമായി മാറ്റി സ്ഥാപിക്കണമെന്ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സൗകര്യപ്രദമായ മറ്റ് കടമുറി ലഭ്യമാകാത്തതിനാൽ കട മാറ്റി സ്ഥാപിക്കുവാൻ സാധിച്ചില്ല. ബഹു. എം.എൽ.എ. ടി പരാതി വീണ്ടും ഉന്നയിച്ചതിനെ തുടർന്ന് 7 ദിവസത്തിനകം പുതിയ കടമുറി കണ്ടെത്തുന്നതിന് ലൈസൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ എ.ആർ.ഡി. 89-ലെ കാർഡുടമകൾക്ക് ഏത് റേഷൻ കടയിൽ നിന്നും പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുണ്ട്. |
| (ബി) ജനങ്ങൾക്ക് ഈ റേഷൻ കടയിലേക്ക് പോകുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ ഈ റേഷൻകട മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ